(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പിനുള്ള ധനസമാഹരണം എങ്ങനെ നടത്തുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) വിധവകളായ നിർദ്ധന യുവതികൾക്ക് പുനർവിവഹാം നടത്തുന്നതിന് 25,000 രൂപ ധനസഹായമായി നൽകുന്ന മംഗല്യ പദ്ധതി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. കൂടാതെ വിധവാ പെൻഷൻ, പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം എന്നിവയും നൽകിവരുന്നു.

(ബി) വിധവകൾക്ക് കഴിവും പ്രാപ്തിയും സാമ്പത്തിക നിലയുമുള്ള അവസരത്തിൽ സംരക്ഷകർ ഉണ്ടായിരിക്കുകയും എന്നാൽ അവസാന നാളുകളിൽ ആരും സംരക്ഷിക്കാനില്ലാത്ത അവസ്ഥയുണ്ടാകുകയും ചെയ്യുന്നത് ഒഴിവാക്കുന്നതിനുമാണ് വിധവ പുനർ വിവാഹ പ്രോത്സാഹന പദ്ധതി (മംഗല്യ) നടപ്പിലാക്കുന്നത്.

(സി) മംഗല്യ പദ്ധതിക്കുള്ള തുക സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുകയാണ് ചെയ്യുന്നത്.

(ഡി) വിധവ പുനർവിവാഹത്തിനുവേണ്ടിയുള്ള അപേക്ഷകർക്ക് ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർവഴി ധനസഹായം നൽകുന്നു.

മാതൃകാ അംഗൻവാടി നിർമ്മാണപദ്ധതി

252 (7551) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാതൃകാ അംഗൻവാടി നിർമ്മാണപദ്ധതി പ്രകാരം ഒരു ബ്ലോക്കിൽ എത്ര അംഗൻവാടികൾക്കാണ് നിർമ്മാണാനുമതി നൽകുന്നത് ;

(ബി) സ്ഥലം ലഭ്യമാക്കിയാൽ ഓരോ വർഷവും മാതൃകാ അംഗൻവാടിക്ക് അനുമതി നൽകുമോ ; വിശദമാക്കാമോ ?

ഉത്തരം

(എ & ബി) എം.എൽ.എ. ഫണ്ടുപയോഗിച്ച് മാതൃകാ അംഗൻവാടി നിർമ്മിക്കുന്ന പദ്ധതി പ്രകാരം നിലവിൽ, ഒരു നിയോജകമണ്ഡലത്തിൽ ഒരു അംഗൻവാടി മാതൃകാ അംഗൻവാടിയായി ഉയർത്തി കെട്ടിടം നിർമ്മിക്കുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly